

▸ അമീൻ വി. ചൂനൂർ

# വല്ല്യേട്ടന് ഒരു "ദ്.."

ജനാധിപത്യം വരച്ചപ്പോൾ
വല്ലിക്ക
ലോകത്തിന്റെ ചെവിയിൽ മുള്ളി..
ഇത് "കൂട്ടൂല.. പറ്റൂലാ.."
ലോകം: അതെന്താ..?
ഇക്ക: "കൂട്ടൂല.."

## സിറിയയോട്

രാസായുധവും
കൂട്ടക്കൊലകളും
വല്യേട്ടന്റെ ജന്മാവകാശമാണ്.

ഇനിയും അത് ചെയ്താൽ
പ്രതിരോധിക്കും ഞങ്ങൾ
ഹിരോഷിമയും
നാഗസാക്കിയുമായി..

## ഇസ്രയേൽ

രാസവസ്തുവോ?
ആണവമണമോ?
ഏട്ടന് കാണാൻ വയ്യ മനമേ..
കണ്ണുകൾക്ക് എന്തോ ഒരു ദ്..
ഇറാഖിലേക്ക് നോക്കി ഉളുക്കി,
കഴുത്ത് തിരിക്കാൻ വയ്യ,
ഒന്നും തിരിയുന്നുമില്ല..
ആകപ്പാടെ ഒരു ദ്..
ഏത്..? ഒരു "ദെയ്.."

## ഈജിപ്ത്

ബില്യണുകൾ എറിഞ്ഞു,
മില്യനുകളെ കൊന്നുതള്ളി,
വല്യേട്ടൻ
ലോകത്തിന്റെ ചെവിയിൽ
ഒരു സ്വകാര്യം പറഞ്ഞു..
"ശ്..ശ്.. ജനാധിപത്യം"

കൂട്ടക്കൊലകളും
രക്തക്കറകളുമില്ലാതെ,
പേന കൊണ്ട് ചിലർ

## ഇന്ത്യ

കടുത്ത ദുഃഖമുണ്ട്,
ഒബാമക്ക്.
മൻമോഹനെക്കാളും വലിയ
അമേരിക്കക്കാരനാവാൻ കഴിഞ്ഞില്ലല്ലോ..
കരയുക തന്നെ!

---




പുസ്തകപ്പുരയിലേക്കുള്ള
പുസ്തകങ്ങൾ മൂന്ന്
കോപ്പി വീതം അയക്കുക.

**വിലാസം**
പുസ്തകപ്പുര, പ്രബോധനം വാരിക
സിൽവർ ഹിൽസ്, കോഴിക്കോട്-12

## സൗന്ദര്യശാസ്ത്രവും വിശ്വാസവും

കലാസാഹിത്യ രംഗത്ത് വിശ്വാസം ചെലുത്തിയ സ്വാധീനം ചെറുതല്ല. വിശ്രുതമായ സംസ്കാരങ്ങളുടെ ചരിത്രത്തിൽ വിശ്വാസത്തിലധിഷ്ഠിതമായ ഭാവനകളുടെ പിറവി ദൃശ്യമാണ്. ഏറിയോ കുറഞ്ഞോ കലയെയും സാഹിത്യത്തെയും അത് സ്വാധീനിച്ചതായി കാണാം. സൗന്ദര്യ ശാസ്ത്രത്തെയും അത് സ്വാധീനിക്കുന്നുണ്ട്. സൗന്ദര്യ ശാസ്ത്രത്തെയും വിശ്വാസത്തെയും ഒരേ അനുഭൂതിയായി പ്രകാശിപ്പിക്കുന്ന രചനയാണ് ശിഹാബുദ്ദീൻ ആരാമ്പ്രത്തിന്റെ 'സൗന്ദര്യശാസ്ത്രവും വിശ്വാസവും'. പ്ലേറ്റോയും അരിസ്റ്റോട്ടിലും, മുഹമ്മദ് നബിയും കവിതയും, മാപ്പിളപ്പാട്ട്: ദേശഭാഷയും പ്രത്യയ ശാസ്ത്രവും തുടങ്ങി ഒട്ടേറെ വിഷയങ്ങൾ പുസ്തകത്തിൽ അകം ചെയ്തിരിക്കുന്നു. പ്രസാധനം: ഐ.പി.എച്ച്. വില 150 രൂപ.




## സ്വദേശാഭിമാനി വക്കം മൗലവി

മുസ്ലിം സമുദായ പരിഷ്കരണത്തിനും കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ മണ്ഡലത്തിന്റെ ജനാധിപത്യവത്കരണത്തിനും വേണ്ടി നടത്തിയ ധീരമായ ഇടപെടലിലൂടെ കേര

നൗഷാദ് ബാബു

# സച്ചിൻ ങ്ങള് വിരമിക്കര്ത്



സച്ചിൻ ങ്ങള് വിരമിക്കര്ത്
ങ്ങളെ ഞമ്മക്ക് പെരുത്തിഷ്ടാണ്
ങ്ങളിന്ത്യക്കാരനല്ലെ
ങ്ങള് ബൗൻട്രി കണ്ട്
കശ്മീർ കണ്ടില്ല
ങ്ങള് അമേരിക്ക കണ്ട്
കൂടങ്കുളം കണ്ടില്ല
ആസ്ത്രേലിയ കണ്ട്
ഗുജറാത്ത് കണ്ടില്ല;
സിംഗൂരും നന്ദിഗ്രാമും
നർമദയും പെരിയാറും.
നാലും ങ്ങള് ഞമ്മളെ ദൈവമാണ്
ങ്ങളിന്ത്യക്കാരനാണ്
ങ്ങളിഞ്ഞും
സെഞ്ചറിടിക്കണം
ഞങ്ങള് മൂന്നാം ലോകക്കാർക്ക്
കോൾമയിർ കൊള്ളാൻ
ഞമ്മക്കിങ്ങളെ പെരുത്തിഷ്ടാണേയ്....

---

ളീയ നവോത്ഥാനത്തിൽ സ്വന്തമായ ഇടം നേടിയ വ്യക്തിത്വമാണ് വക്കം അബ്ദുൽ ഖാദർ മൗലവി. ബഹുഭാഷാ പണ്ഡിതൻ, സംഘാടകൻ, വിദ്യാഭ്യാസ പ്രവർത്തകൻ, പത്രപ്രവർത്തകൻ, സാഹിത്യകാരൻ എന്നീ നിലകളിലെല്ലാമുള്ള വക്കം മൗലവിയുടെ ബഹുമുഖ വ്യക്തിത്വവും ജീവിതവും സാമൂഹിക ഇടപെടലുകളും ആധികാരിക രേഖകളുടെ വെളിച്ചത്തിൽ അനാവരണം ചെയ്യുന്ന കൃതിയാണ് ഡോ. ടി. ജമാൽ മുഹമ്മദിന്റെ 'സ്വദേശാഭിമാനി വക്കം മൗലവി'. പ്രസാധനം: ഐ.പി.എച്ച്. വില 180 രൂപ




## ഇബ്റാഹീം സുലൈമാൻ സേട്ട് ജീവിതം ദർശനം

മഹ്ബൂബെമില്ലത്ത് എന്ന് സ്നേഹത്തോടെയും ആദരവോടെയും വിളിക്കപ്പെട്ടിരുന്ന ഇബ്റാഹീം സുലൈമാൻ സേട്ട് മറക്കാനാകാത്ത വ്യക്തിത്വമാണ്. തന്റെ രാഷ്ട്രത്തിനും സമുദായത്തിനുംവേണ്ടി ആദർശം ബലി കഴിക്കാതെ കനൽപഥങ്ങളിലൂടെ കടന്നുപോയ മഹാമനീഷി. ആർജവമുള്ള ആ രാഷ്ട്രീയ നേതാവിന്റെ ജീവചരിത്രമാണ് 'ഇബ്റാഹീം സുലൈമാൻ സേട്ട്, ജീവിതം, ദർശനം' എന്ന പ്രഫ. എ.പി അബ്ദുൽ വഹാബിന്റെ കൃതി. ഇന്ത്യയിലെ മുസ്ലിം രാഷ്ട്രീയ ചരിത്രവും സേട്ടുസാഹിബിന്റെ ജീവിതവും പഠിക്കാനാഗ്രഹിക്കുന്നവർക്ക് വളരെ ഉപകാരപ്പെടും ഈ കൃതി. പേജ്-160, പ്രസാധനം-ഐ.എം.സി.സി സുഊദി നാഷ്ണൽ കമ്മിറ്റി.

